DESPATCHED
On. 20/6/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 145(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 2380/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂൺ 16**

ശ്രീ. ജോസഫ് ജോർജ്ജ് ജോളി ടി.ടി.,
XVI/1701 A തെക്കേ ആലുങ്കൽ,
T & R Cross Road,
തോപ്പുംപടി, കൊച്ചി – 682 005.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം–695 001.

2) അപ്പീൽ അധികാരി & ഫാറം കൺട്രോളർ,
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം–695 001.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 16/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/11/2021, 23/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 04/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 04/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/02/2022, 23/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 15/06/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജോസഫ് ജോർജ്ജ് ജോളി ടി.ടി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 7–ാമത് ഇനത്തിൽ ആവശ്യപ്പെട്ട കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കിയില്ല എന്നും, ടിയാന്റെ 16.10.2021–ലെ അപേക്ഷ തീയതി

20.11.2021 എന്ന് തെറ്റായാണ് മറുപടിയിലെ സൂചനയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും എസ്.പി.ഐ.ഒ. 7-ാം ഇനത്തിന് നൽകിയ മറുപടി ശരി വച്ച് അപ്പീൽ അപേക്ഷ തീർപ്പാക്കുകയാണ് രണ്ടാം എതിർകക്ഷി ചെയ്തിട്ടുള്ളതെന്നും ആയതിനാൽ മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതിനും ടിയാന്റെ അപേക്ഷ തീയതി തെറ്റായി രേഖപ്പെടുത്തിയതിനും, അപ്പീൽ അപേക്ഷ വേണ്ടവിധം പരിഗണിക്കാതെ മറുപടി നൽകിയതിനും എതിർകക്ഷികൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിച്ച് ടിയാൻ ആവശ്യപ്പെട്ട കമ്പൈന്റ് സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

2. ഹർജിക്കാരന്റെ അപേക്ഷകൾക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിലെ സൂചനയിൽ ടിയാന്റെ 20.11.2021-ലെ അപേക്ഷ എന്ന് തെറ്റായാണ് തീയതി രേഖപ്പെടുത്തിയിട്ടുള്ളതെന്നും വിവരാവകാശ നിയമപ്രകാരം 30 ദിവസത്തിനുള്ളിൽ ലഭിക്കേണ്ട മറുപടി 35 ദിവസങ്ങൾക്കുശേഷമാണ് നൽകിയിട്ടുള്ളതെന്നും അപേക്ഷയിലെ 7-ാമത്തെ ചോദ്യത്തിന് തെറ്റായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നും ആരോപിച്ചുകൊണ്ട് ഹർജിക്കാരൻ നൽകിയ അപ്പീൽ അപേക്ഷയ്ക്ക് 13.01.2022 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിലും അതൃപ്തി അറിയിച്ചു കൊണ്ടാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

3. ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 28.04.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 16.10.2021-ന് സമർപ്പിച്ച അപേക്ഷയ്ക്ക് 22.11.2021, 23.11.2021 എന്നീ തീയതികളിൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നതാണെന്നും എന്നാൽ ടിയാന്റെ അപേക്ഷയിലെ 7-ാം ചോദ്യത്തിന് എസ്.പി.ഐ.ഒ. ലഭ്യമായ മറുപടി നൽകിയിരുന്നെങ്കിലും പ്രാഥമിക ഗ്രഡേഷൻ ലിസ്റ്റിന്റെ പകർപ്പ് നൽകാൻ കഴിഞ്ഞിരുന്നില്ലെന്നും തുടർന്ന് 04.12.2021-ലെ ഒന്നാം അപ്പീലിന് 13.01.2022-ന് വിശദമായ മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ അനുസരിച്ച് ടി റിപ്പോർട്ടിനോടൊപ്പം അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പും കൂടി ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുണ്ടെന്നും കൂടാതെ ടിയാന് നൽകിയ മറുപടിയിൽ അപേക്ഷ തീയതി തെറ്റായി രേഖപ്പെടുത്തിയത് സെക്ഷൻ ക്ലാർക്കായ ശ്രീ. അരുൺ എസ്. ന്റെ ഭാഗത്ത് നിന്നുണ്ടായ മന:പൂർവ്വമല്ലാതെ സംഭവിച്ച അശ്രദ്ധയാണെന്നും ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കില്ലെന്നും ആയത് മാപ്പാക്കണമെന്നും ടിയാൻ കമ്മീഷനോട് അപേക്ഷിച്ചിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് വിശദമായ റിപ്പോർട്ട് തയ്യാറാക്കി 28.4.2022-ന് കമ്മീഷനിലും, ഹർജിക്കാരനും നൽകിയിട്ടുള്ളതായി കാണുന്നുവെങ്കിലും

ഹർജിക്കാരന്റെ അപേക്ഷയിലെ 7–ാമത് ഇനത്തിൽ ആവശ്യപ്പെട്ട കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ടിയാന് ലഭിച്ചിട്ടില്ലെന്നാണ് ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ഉൾപ്പെടെയുള്ള രേഖകൾ 30.6.2022–നകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്നും ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനുള്ള അവസരം നൽകണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

5. മറ്റ് സെക്ഷനുകളിൽ നിന്നും വിവരം ശേഖരിച്ച് നൽകിയതിനാലാണ് മറുപടി നൽകുന്നതിൽ നേരിയ കാലതാമസം എതിർകക്ഷികളുടെ ഭാഗത്ത് ഉണ്ടായിട്ടുള്ളതെന്നതും, നൽകിയ മറുപടിയിലെ സൂചന തീയതിയിൽ തെറ്റ് സംഭവിച്ചതിൽ സെക്ഷൻ ക്ലാർക്ക് ശ്രീ. അരുൺ എസ്. ന്റെ ക്ഷമാപണം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയിട്ടുള്ളതും പരിഗണിച്ച് എതിർകക്ഷികൾക്കെതിരെ ഇക്കാര്യത്തിൽ മറ്റ് ശിക്ഷാനടപടികൾ ഒന്നും കമ്മീഷൻ സ്വീകരിക്കുന്നില്ല.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM